بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

# *Khuthba Summary* 04.04.14 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

04.04.14 ന് മസ്ജിദ് ബയ്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

# കലർപ്പൊന്നുമില്ലാത്ത സത്യവിശ്വാസം; അതാണ് അല്ലാഹുവിനിഷ്ടം

*തശഹ്ഹുദും തഅവ്വുദും സൂറഫാതിഹ തിലാവത്തിനും ശേഷം സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽ-ഖാമിസ് അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു:*

**ഇ**ന്നു ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദൈവസ്നേഹത്തെ സംബന്ധിച്ചുള്ള ചില ലിഖിതശകലങ്ങളും നിർദേശങ്ങളും പറയുന്നതാണ്. ഇതിൽ ആ മഹാത്മാവ് ദൈവസ്നേഹത്തിന്റെ യാഥാർഥ്യവും നിർവചനവും വിവരിച്ചിരിക്കുന്നു. അല്ലാഹുവിന്റെ സ്നേഹം ലഭിക്കുന്നതിന്റെ രഹസ്യവും മാർഗവും അതിന്റെ ആഴവും തത്ത്വവും വിശദീകരിച്ചിരിക്കുന്നു. അദ്ദേഹത്തിൽ വിശ്വസിക്കുന്നവരും അദ്ദേഹത്തിന്റെ ജമാഅത്തിൽപ്പെട്ടവരുമായ നമ്മളിൽ നിന്ന് എന്താണ് അദ്ദേഹം പ്രതീക്ഷിക്കുന്നത്? ദൈവസ്നേഹം ലഭിക്കാൻ നമ്മളിൽനിന്ന് എന്ത് ശ്രമമാണ് ഉണ്ടാവേണ്ടത്. ഇതെല്ലാം ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാ ഉദ്ധരണങ്ങളും ചിന്താർഹവും നമുക്ക് വഴികാട്ടിയുമാണ്. അതുകൊണ്ട് നമ്മൾ ദൈവസ്നേഹം എന്ന വിഷയത്തിന്റെ ആത്മാവ് മനസ്സിലാക്കുന്നവരും അതിൽ അഭിവൃദ്ധി പ്രാപിക്കുന്നവരും വർധനവുണ്ടാക്കുന്നവരും നമ്മെ നന്നാക്കിത്തീർക്കുന്നവരുമാക്കി മാറ്റാൻ അതീവ ശ്രദ്ധയോടെ ഈ വിഷയം കേൾക്കേണ്ടത് നിർബന്ധമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:

"സ്നേഹം എന്നത് വേഷം കെട്ടലോ പ്രകടനത്തിനു വേണ്ടി മാത്രം ബുദ്ധിമുട്ടിയുള്ള പ്രവർത്തിയോ അല്ല. മറിച്ച് മാനുഷികമായ കഴിവുകളിൽപ്പെട്ട ഒരു കഴിവാണ് ഇതും. ഇതിന്റെ യാഥാർഥ്യമെന്താണെന്നുവച്ചാൽ, മനസ്സ് ഇഷ്ടപ്പെട്ട ഒരു വസ്തുവിനെ വലിച്ചടുപ്പിക്കലാണത്. ഏതുപോലെയെന്നാൽ, ഓരോ വസ്തുവിന്റേയും അടിസ്ഥാനപരമായ സ്വഭാവങ്ങൾ പൂർത്തിയാകുന്ന നേരത്ത് തെളിവിന്റെ ഒന്നും ആവശ്യമില്ലാതെ അത് അനുഭവപ്പെടുന്നു. *(അതായത് വളരെ തുറന്നതും സുവ്യക്തവുമായ നിലയിലുള്ള അനുഭവമുണ്ടാകുന്നു).* സ്നേഹത്തിന്റെ സ്ഥിതി ഇതാണ്. അതിന്റെ ശ്രേഷ്ഠതയും തുറന്ന നിലയിൽ വെളിപ്പെടുന്നത് സമ്പൂർണവും തികവുറ്റതുമായ പദവിയിൽ അതെത്തുന്ന നേരത്താണ്. *(അതായത് അതിന്റെ സമ്പൂർണതയും തികവും പരമമായ അവസ്ഥ പ്രാപിക്കണം.)* അല്ലാഹു പറയുന്നു: **ഉശ്രിബൂ ഫീ ഖുലൂബിഹിമുൽ ഇജല** (2:94) അതായത് അവർ പശുക്കുട്ടിയെ എത്രമാത്രം സ്നേഹിച്ചുവെന്നാൽ, അവർക്ക് പശുക്കുട്ടി ശർബ്ബത്തുപോലെ കുടിപ്പിക്കപ്പെട്ടു. വാസ്തവത്തിൽ ഒരു വ്യക്തി ആരെയെങ്കിലും തികവാർന്ന നിലയിൽ സ്നേഹിക്കുന്നുവെങ്കിൽ, അതിന്റെ അർഥം അയാളെ കുടിച്ചിറക്കുക, അല്ലെങ്കിൽ തിന്നുക എന്നതുപോലെയാണ്. ആ വ്യക്തി, അവന്റെ സ്വഭാവങ്ങളും അവന്റെ നടപ്പ് രീതിയുംകൊണ്ട് അലങ്കരിക്കപ്പെടുന്നു. സ്നേഹം എത്രത്തോളം അധികമാകുമോ അത്രത്തോളം മനുഷ്യൻ സ്വാഭാവികമായും തന്റെ പ്രേമഭാജനത്തിന്റെ സവിശേഷ ഗുണങ്ങളിലേക്ക് വലിച്ചടുപ്പിക്കപ്പെടുന്നു. എത്രത്തോളമെന്നാൽ, താൻ സ്നേഹിക്കുന്നവന്റെ രൂപമായി അവൻ മാറുന്നു. ഇതാണ് രഹസ്യം. ആരാണോ അല്ലാഹുവിനെ സ്നേഹിക്കുന്നത് അവൻ ഛായാപരമായ നിലയിൽ തന്റെ കഴിവിന്നനുസരിച്ച് അല്ലാഹുവിന്റെ സത്തയിൽ അടങ്ങിയിരിക്കുന്ന പ്രകാശത്തെ സ്വായത്തമാക്കുന്നു. ശയ്ത്വാനെ സ്നേഹിക്കുന്നവർ ശയ്ത്വാനിൽ അടങ്ങിയിരിക്കുന്ന ഇരുട്ടിനെ കരസ്ഥമാക്കുന്നു." പറഞ്ഞു, 'ഇതാണ് സ്നേഹത്തിന്റെ രഹസ്യം. അതായത് അല്ലാഹുവിന്റെ സവിശേഷമായ ഗുണങ്ങളെ*(സിഫത്തുകളെ)* സ്വായത്തമാക്കുക. മഅ്രിഫത്തിനെ *(അല്ലാഹുവിനെ തിരിച്ചറിയൽ)* സംബന്ധിച്ച് പറയപ്പെട്ടിരിക്കുന്നു, അല്ലാഹുവിന്റെ സകല സവിശേഷ ഗുണങ്ങളുടേയും അറിവ് ഉണ്ടാകാത്തിടത്തോളം മഅ്രിഫത്ത് *(അല്ലാഹുവിനെ തിരിച്ചറിയൽ)* സാധ്യമല്ല. അല്ലാഹുവിനെ തിരിച്ചറിഞ്ഞതിനുശേഷം മനുഷ്യൻ മുന്നോട്ടു കൂടുതൽ ഗമിക്കുമ്പോൾ, അതാണ് സ്നേഹം. അപ്പോഴാണ് സ്നേഹം സമ്പൂർണത കൈവരിക്കുന്നത്. അല്ലഹുവിന്റെ സവിശേഷ ഗുണങ്ങളെ സ്വായത്തമാക്കുകയും *-വെറും അറിവ് കരസ്ഥമാക്കുക എന്നത് മാത്രമല്ല ആവശ്യം. പ്രത്യുത അവയെ സ്വായത്തമാക്കുകയും വേണം-* അല്ലാഹുവിന്റെ നിറത്തിൽ നിറമുള്ളവരായിത്തീരുകയും ചെയ്യുമ്പോൾ അല്ലാഹുവിന്റെ പ്രകാശം ലഭിക്കുന്നു.

അല്ലാഹുവിനെ അനുസരിക്കുന്നവർ യഥാർഥത്തിൽ മൂന്നു തരക്കാരായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഒന്നാമത്തെ കൂട്ടർ ഗോപ്യതയും കാര്യഹേതുക്കളുടെ *(കാര്യഹേതുക്കൾ= ലക്ഷ്യം നിറവേറ്റാനുള്ള ഉപാധികൾ.വിവ:)* ദൃശ്യവും കൊണ്ട് ദൈവത്തിന്റെ ഉപകാരങ്ങൾ നല്ലവണ്ണം ദർശിക്കാത്തവരാണ്. *(അതായത് അല്ലാഹു മറയ്ക്കുള്ളിലാണുള്ളത്. മനുഷ്യരൂപത്തിൽ കാണാൻ പ്രത്യക്ഷത്തിലില്ല. ഭൗതികമായ കാര്യഹേതുക്കളുണ്ടല്ലോ, അത് എപ്പോഴും ദൃഷ്ടിയിൽപെട്ടുകൊണ്ടിരിക്കുന്നതാണ്. അവയെക്കുറിച്ചുള്ള* അറിവും ഉണ്ടാകും.

അവയെ മനുഷ്യൻ അനുഭവിച്ചറിയുകയും ചെയ്യുന്നു. പിന്നീട് ഭൗതിക വസ്തുക്കൾ ദൃഷ്ടിയിൽപെട്ടുകൊണ്ടിരിക്കുമ്പോൾ ആ കാര്യഹേതുക്കളെ സൃഷ്ടിച്ചിട്ടുള്ള ഒരു അസ്തിത്വം ഉണ്ടെന്നും അത് ദൈവമാണെന്നും അനുഭവപ്പെടുകയില്ല. അതുകൊണ്ട് ആ ഭൗതിക വസ്തുക്കളെ മനുഷ്യൻ കൂടുതൽ സ്നേഹിക്കാൻ തുടങ്ങുന്നു).

പറയുന്നു:'മൂന്നു വിധത്തിൽ ഈ വസ്തുക്കളുണ്ട്. അല്ലാഹുവിന്റെ ഉപകാരങ്ങളെ ദർശിക്കാത്തവരാണ് ഒന്നാമത്തെ കൂട്ടർ. *(അല്ലാഹുവിന്റെ ഉപകാരങ്ങളെ നല്ലവണ്ണം നോക്കി കാണുന്നില്ല. അതിന് കാരണമെന്താണ്? അവൻ മറയിലാണുള്ളത്.)* രണ്ടാമത്തേത് കാര്യഹേതുക്കളാണ്. അവയെ എല്ലാം പ്രത്യക്ഷത്തിൽ കണ്ടുകൊണ്ടിക്കുന്നതാണ്.

വീണ്ടും പറയുന്നു: 'ഉപകാരങ്ങളുടെ മഹത്വങ്ങൾക്കുമേൽ ദൃഷ്ടി പതിപ്പിക്കുമ്പോഴുണ്ടാകാറുള്ള ആവേശം അവയിൽ *(കാര്യഹേതുക്കളിൽ.വിവ:)* ഉണ്ടാകുകയില്ല. ഉപകാരിയുടെ മഹത്തരമായ ഉദാരതകൾ സങ്കൽപിച്ച് പ്രകമ്പനംകൊള്ളുന്ന സ്നേഹവും അവയിലുണ്ടാകുകയില്ല. പ്രത്യുത വെറും ഒരു ഹ്രസ്വദൃഷ്ടികൊണ്ട് അല്ലാഹുവിന്റെ സൃഷ്ടി അവകാശങ്ങൾ അംഗീകരിക്കുക മാത്രമാണ് ചെയ്യുന്നത്.*(അല്ലാഹുവിന്റെ ഉപകാരങ്ങളെ അംഗീകരിക്കുകയില്ല. പക്ഷേ, എന്തായാലും മൊത്തമായിട്ട് മുസ്ലിമാണെന്നുള്ള വാദവും വിശ്വാസവുമുണ്ട്. അതുകൊണ്ട് അല്ലാഹുവിന്റെ അവകാശം, അല്ലെങ്കിൽ അവന്റെ സൃഷ്ടിയാണെന്നുള്ള അവകാശം വകവെച്ചുകൊടുക്കുന്നു. അതായത് അല്ലാഹുവാണ് തങ്ങളെ സൃഷ്ടിച്ചതെന്ന് സമ്മതിക്കുന്നു).* ആ യഥാർഥ ഉപകാരിയെ ദൃഷ്ടിയ്ക്കു മുമ്പിൽ കൊണ്ടു വരുന്ന വിശദമായ ദൈവികോപകാരങ്ങളെ ഒരിക്കലും അവർ ദർശിക്കുന്നില്ല. *(അതായത് പൊതുവെ പറയും അല്ലാഹുവിനെ വിശ്വസിക്കുന്നവരാരാണെന്ന്. അല്ലാഹുവിനെ സ്നേഹിക്കുന്നവരാണെന്ന്. പക്ഷേ, അവർ ഫലമെടുത്തുക്കൊണ്ടിരിക്കുന്ന ഓരോന്നും, ഫലമെടുത്തുകൊണ്ടിരിക്കെ അല്ലാഹുവിന്റെ ഉപകാരങ്ങളെ മുമ്പിൽ വെക്കുകയയില്ല. നേരെ മറിച്ച് ഭൗതികനേട്ടങ്ങളുടെ ഭൗതിക കാര്യഹേതുക്കളെ മുന്നിൽവെച്ചുകൊണ്ടിരിക്കുന്നുണ്ടാകും.)* ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'എന്തുകൊണ്ടാണ് അവർ കാര്യഹേതുക്കളെ പൂജിക്കുന്നത്? യഥാർഥ കാരണമുടയവന്റെ മുഖം മുഴുവൻ കാണുന്നതിന് പൊടിപടലങ്ങൾ തടസമായിനില്ക്കുന്നു.*(ഫലമെടുത്തുകൊണ്ടിരിക്കുന്ന ബാഹ്യമായ ഉപായങ്ങൾ, കാര്യം നിറവേറ്റാനുള്ള മാർഗം, വഴി.വിവ:)* മനുഷ്യനെ പൊതിഞ്ഞു വെച്ചിരിക്കുകയാണ്. അതുകാരണം ആ ഉപായങ്ങളെയെല്ലാം സൃഷ്ടിച്ചിട്ടുള്ള അല്ലാഹുവിന്റെ മുഖം അവന് കാണാൻ കഴിയുന്നില്ല. *(ആ ഉപായങ്ങളേയും മാർഗങ്ങളേയും പൂജിച്ചുകൊണ്ടിരിക്കുന്നതിനാൽ യഥാർഥ കാരണമുടയവന്റെ പൂർണമുഖം കാണുന്നതിൽ നിന്ന് അവ അവനെ തടയുന്നു).* അതുകൊണ്ട് സമ്പൂർണമായ നിലയിൽ യഥാർഥ ഉദാരവാന്റെ സൗന്ദര്യം ദർശിക്കാൻ കഴിയുന്ന തെളിമയാർന്ന ദൃഷ്ടി അവർക്കു ലഭിക്കുന്നില്ല. *(അതായത് എല്ലാം നല്കുന്നവന്റെ മനോഹാരിത, അവന്റെ സൗന്ദര്യം നമ്മുടെ മുമ്പിൽ വരുന്നില്ല).* അവരുടെ ശോഷിച്ച മഅ്രിഫത്ത് *(അല്ലാഹുവിനെ തിരിച്ചറിയൽ)* കാര്യസിദ്ധിക്കുള്ള പ്രവർത്തനമാർഗം അവലംബമാക്കലിന്റെ മാലിന്യവുമായി ചേർന്നിരിക്കുന്നതിനാലും ദൈവത്തിന്റെ ഉപകാരങ്ങളെ നല്ലവണ്ണം നോക്കിക്കാണാൻ സാധിക്കാത്തതിനാലും ഉപകാരങ്ങൾ ദർശിക്കുന്ന നേരത്ത് ശ്രദ്ധ -*അതുമുഖേനയാണ് ഉപകാരിയുടെ രൂപം മുന്നിൽ തെളിഞ്ഞു വരുന്നത്*-സ്വയം തന്നെയും കാണിക്കുന്നില്ല. അവരുടെ മഅ്രിഫത്ത് *(അല്ലാഹുവിനെ തിരിച്ചറിയൽ)* മങ്ങിയതുപോലെയായിത്തീരുന്നു. കാരണം അവർ പൂർണമായും അല്ലാഹുവിൽ വിശ്വസിക്കാതെ കുറച്ച് തങ്ങളുടെ അധ്വാനത്തിലും കുറച്ച് തങ്ങളുടെ കാര്യഹേതുക്കളിലും വിശ്വാസമർപിക്കുന്നു. പിന്നീട് സാമ്പ്രദായികമായി, അല്ലാഹു നമ്മുടെ സ്രഷ്ടാവായതുകൊണ്ട് നമുക്ക് ജീവിതവിഭവം നല്കേണ്ടത് അവന്റെ ബാധ്യതയാണെന്നും വിശ്വസിക്കുന്നു. കാരണം മനുഷ്യന് അവന്റെ ജ്ഞാനവ്യാപ്തിക്കതീതമായി ഒരു വിഷമവും അല്ലാഹു നല്കുന്നില്ല. അതുകൊണ്ട് അവരിൽനിന്ന് അവർ ആ അവസ്ഥയിൽ നിലനില്ക്കുവോളം അവൻ ആഗ്രഹിക്കുന്നത് താൻ നിറവേറ്റുന്ന കടമകൾക്ക് നന്ദിരേഖപ്പെടുത്തുക എന്നതാണ്.

**ഇന്നല്ലാഹ യഅ്മുറു ബിൽഅദ്‌ലി** എന്ന ആയത്തിൽ പറഞ്ഞിട്ടുള്ള **അദ്‌ല്** കൊണ്ടുള്ള ഉദ്ദേശ്യം നീതിഇളവോടുകൂടിയ അനുസരണമാണ്.*(കാരണം അവർക്ക് പൂർണമായ അറിവില്ല. അല്ലാഹു സ്രഷ്ടാവാണ്, അന്നദാതാവാണ് എന്ന് നാവ് കൊണ്ട് പ്രകടിപ്പിക്കുന്നുവെന്നേയുള്ളു. അതുകൊണ്ട് അല്ലാഹുവും അവരുടെ ഇതേ അവസ്ഥ മുന്നിൽകണ്ടുകൊണ്ട് എത്രമാത്രം നന്ദി അവർ പ്രകടിപ്പിക്കുന്നുവോ, അത് അത്രമാത്രം മതിയെന്ന്-അല്ലാഹുവിന്റെ നീതിയുടെ തേട്ടമാണത്- മനസ്സിലാക്കുന്നു. അവനും താൻ അല്ലാഹുവിനുവേണ്ടി കുറച്ചു ചെയ്തുവെന്ന് മനസ്സിലാക്കുന്നു).* ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: 'എന്നാൽ, ഇതിനെക്കാളുപരി മറ്റൊരു മർത്തബ *(സ്ഥാനം)* മനുഷ്യന്റെ മഅ്രിഫത്തിനുണ്ട്. മനുഷ്യന്റെ കൺകാഴ്ച കാര്യഹേതുക്കളിൽനിന്ന് തികച്ചും പരിശുദ്ധവും പരിപാവനവുമായി അല്ലാഹുവിന്റെ അനുഗ്രഹത്തിന്റേയും ഉപകാരത്തിന്റേയും കൈ കാണുന്നു എന്നതാണത്. ഈ മർത്തബയിൽ മനുഷ്യൻ കാര്യഹേതുക്കളുടെ മറകളിൽനിന്ന് തികച്ചും പുറത്തുവരുന്നു. അപ്പോൾ, 'ഞാൻ നനച്ചതുകൊണ്ട് എന്റെ കൃഷി നന്നായി, എന്റെ കഴിവുകൊണ്ട് ഞാൻ വിജയിച്ചു, സയ്ദിന്റെ ദയ കൊണ്ടാണ് എന്റെ കാര്യം സാധിച്ചത്, ബക്റിന്റെ കാവലുകൊണ്ട് ഞാൻ നാശത്തിൽ നിന്ന് രക്ഷപ്പെട്ടു' എന്നു തുടങ്ങി എല്ലാ പറച്ചിലുകളും തുച്ഛവും നിരർഥവുമായി അവന് തോന്നാൻ തുടങ്ങുന്നു. ഒരേയൊരു അസ്തിത്വവും, ഒരേയൊരു ശക്തിയും ഒരേയൊരു ഉപകാരിയും ഒരേയൊരു കൈയും അവൻ കാണുന്നു. അപ്പോൾ മനുഷ്യൻ അന്യാരാധനയുടെ പൊടിപടലങ്ങൾ തരിമ്പും തീണ്ടിയിട്ടില്ലാത്ത നിർമലമായ ദൃഷ്ടികൊണ്ട് അല്ലാഹു ചെയ്തിട്ടുള്ള ഉപകാരങ്ങളെ കാണുന്നു. ആ ആവിഷ്കാരം കൊണ്ട്, ആരാധനയുടെ നേരത്ത് അത്തരം ഉപകാരിയെ അദൃശ്യനായി മനസ്സിലാക്കുകയില്ല. മറിച്ച് മുമ്പിൽ ഹാജരുള്ളവനായിക്കണ്ട് അവനെ ആരാധിക്കുന്നു. വിശുദ്ധ ഖുർആൻ ഇങ്ങനെയുള്ള ആരാധനയക്ക് പേരിട്ടിട്ടുള്ളത് **ഇഹ്സാൻ** എന്നാണ്. സഹീഹ് ബുഖാരിയിലും മുസ്ലിമിലും നബി(സ)തിരുമേനി തന്നെയും **ഇഹ്സാന്** അർഥം നല്കി

യിട്ടുള്ളത് ഇങ്ങനെ തന്നെയാണ്. ഈ ദർജ *(പദവി)* പ്രാപിച്ചുകഴിഞ്ഞാൽ മറ്റൊരു ദർജയുണ്ട്. അതിന്റെ പേരാണ് **'ഈത്തായിദിൽ ഖുർബാ.'**

അതിന്റെ വിശദീകരണം ഇങ്ങനെയാണ്. മനുഷ്യൻ ഒരു കാലംവരെ കാര്യഹേതുക്കളുടെ ശിർക്കൊന്നും കൂടാതെ ദൈവം ചെയ്തുതന്നിട്ടുള്ള ഉപകാരങ്ങളെ നോക്കിക്കൊണ്ടിരിക്കുകയും അവനെ ഹാജരുള്ളവനെന്നും മധ്യസ്ഥരൊന്നും കൂടാതെ ഉപകാരം ചെയ്യുന്നവനുമാണെന്ന് മനസ്സിലാക്കി അവനെ ആരാധിക്കുകയും ചെയ്യുമ്പോൾ ആ ഭാവനയുടേയും ചിന്തയുടേയും അവസാനഫലം വ്യക്തിപരമായൊരു സ്നേഹം അവന് ദൈവത്തെ സംബന്ധിച്ച് ഉണ്ടാകുന്നുവെന്നതാണ്. കാരണം തുടർച്ചയായുള്ള ഉപകാരങ്ങളുടെ എപ്പോഴുമുള്ള ദർശനം നന്ദികാണിക്കുന്ന വ്യക്തിയുടെ മനസ്സിൽ സ്വാധീനം ചെലുത്തുന്നു. അത് മെല്ലെമെല്ലെ, ഏതൊരുവനാണോ അപരിമിതമായ ഉപകാരങ്ങളാൽ വലയം ചെയ്തത് അവനോടുള്ള വ്യക്തിപരമായ സ്നേഹത്താൽ നിറയുന്നു. ഈ അവസ്ഥയിൽ അവൻ ഉപകാരങ്ങളുടെ ഭാവനയാൽ മാത്രം അവനെ ആരാധിക്കുകയില്ല. പ്രത്യുത അവനോടുള്ള വ്യക്തിപരമായ സ്നേഹം ആരാധകന്റെ മനസ്സിൽ കുടിയിരിക്കുന്നതാണ്; കുട്ടിയ്ക്ക് വ്യക്തിപരമായ സ്നേഹം അവന്റെ മാതാവിനോടുള്ളതുപോലെ. ഈ മർത്തബയിൽ അവൻ ആരാധനാ നേരത്ത് അല്ലാഹുവിനെ മാത്രമല്ല കാണുന്നത്, പ്രത്യുത കണ്ടിട്ട്, യഥാർഥ പ്രേമഭാജനത്തെപോലെ ആസ്വദിക്കുകയും ചെയ്യുന്നു. എല്ലാ ശാരീരികേച്ഛകളും വിട്ടകന്ന് വ്യക്തിപരമായ സ്നേഹം അവന്റെ ഉള്ളിലുണ്ടാകുന്നു. ഈ മർത്തബയെ അല്ലാഹു **'ഈത്തായിദിൽഖുർബാ'** എന്ന പദംകൊണ്ട് വ്യാഖ്യാനിച്ചിരിക്കുന്നു. അതാണ് അല്ലാഹു, **ഫദ്കുറുല്ലാഹ കദിക് രിക്കും ആബാഅക്കും ഔ അശദ്ദ ദിക്റാ** (2: 201)'നിങ്ങളുടെ പൂർവപിതാക്കളെ നിങ്ങൾ സ്മരിച്ചിരുന്നതുപോലെ അഥവാ അതിലുപരിയായി അല്ലാഹുവിനെ സ്മരിക്കുക' എന്ന ആയത്തിൽ സൂചിപ്പിച്ചിരിക്കുന്നത്. ചുരുക്കത്തിൽ **'ഇന്നല്ലാഹ യഅ്മുറു ബിൽഅദ്‌ലി വൽഇഹ്സാനി വ ഈത്തായിദിൽ ഖുർബാ'** (16:91) എന്ന വചനത്തിന്റെ വ്യാഖ്യാനമാണിത്. *(അതായത്, നന്മയ്ക്കു പകരം നന്മ ചെയ്യുവാനും പ്രത്യുപകാരത്തിൽ കവിഞ്ഞ് നന്മ ചെയ്യുവാനുള്ള അവസരത്തിൽ സഹായോപകാരം ചെയ്യുവാനും സഹായോപകാരത്തിൽ കവിഞ്ഞ് ബന്ധുത്വപരമായ അനുകമ്പ കാണിക്കേണ്ട ഘട്ടത്തിൽ സ്നേഹാവേശത്തോടെ സൗജന്യദാനം ചെയ്യുവാനും ദൈവം നിങ്ങളോട് ആജ്ഞാപിക്കുന്നു).* ഇതിൽ അല്ലാഹു മാനുഷികമായ മഅ്രിഫത്തിന്റെ-തിരിച്ചറിവിന്റെ മൂന്നു മർത്തബകളും വിവരിച്ചിരിക്കുന്നു. മൂന്നാമത്തെ മർത്തബയെ വ്യക്തിപരമായ സ്നേഹത്തിന്റെ മർത്തബയായി നിശ്ചയിച്ചിരിക്കുന്നു. ഈ മർത്തബയിലാണ് എല്ലാ ശാരീരികേച്ഛകളും കത്തിച്ചാമ്പലായിപ്പോകുന്നത്. അത്തറിന്റെ ബോട്ടിൽ അത്തറുകൊണ്ട് നിറഞ്ഞിരിക്കുന്നതുപോലെ മനുഷ്യമനസ്സ് സ്നേഹംകൊണ്ട് നിറയുന്നു. ഈ മർത്തബയിലേക്കുള്ള സൂചനയാണ് **'വ മിനന്നാസി മയ്യശ്‌രീ നഫ്സഹുബ്തിഗാഅ മർളാത്തില്ലാഹി വല്ലാഹു റഊഫുൻ ബിൽഇബാദ്'** (2:208)എന്ന വചനത്തിലുള്ളത്. *(അതായത് മനുഷ്യരിൽ വച്ച് ദൈവേഷ്ടത്തിനുവേണ്ടി ജീവിതാർപണം ചെയ്തിരിക്കുന്ന ഉൽകൃഷ്ടന്മാർ ദൈവാഭീഷ്ടത്തിനുപകരമായി തങ്ങളുടെ ജീവനെ വിറ്റു കളഞ്ഞിരിക്കുന്നു. ഇവരാണ് ദൈവത്തിന്റെ കാരുണ്യപ്രകടനത്തിന് പാത്രമായിട്ടുള്ളവർ).* അതായത് സത്യവിശ്വാസികളായവരിൽ ചിലർ തങ്ങളുടെ ജീവൻ ദൈവപ്രീതിയ്ക്കു പകരമായി വിറ്റുകളയുന്നവരാണ്. അല്ലാഹു അത്തരക്കാരുടെമേൽ ദയ കാണിക്കുന്നു. പിന്നീടു പറഞ്ഞു:

**'ബലാ മൻ അസ്‌ലമ വജ്ഹഹൂ വ ഹുവ മുഹ്സിനുൻ ഫലഹൂ അജ്റുഹൂ ഇൻദറബ്ബിഹീ വലാഖൗഫുൻ അലയ്ഹിം വലാഹും യഹ്സനൂൻ** (2:113) *(അങ്ങനെയല്ല, ഏതൊരാൾ സുകൃതം ചെയ്യുന്നവനായിരിക്കെ അല്ലാഹുവിന് സ്വയം അർപണം ചെയ്യുന്നുവോ അവന് തന്റെ രക്ഷിതാവിന്റെയടുക്കൽ അവന്റെ പ്രതിഫലമുണ്ട്. അവർക്ക് ഒന്നും ഭയപ്പെടാനില്ല. അവർ വ്യസനിക്കുന്നതുമല്ല.)* അതായത് തങ്ങളെ അല്ലാഹുവിന് ഏല്പിച്ചുകൊണ്ട് മോക്ഷം പ്രാപിച്ചിട്ടുള്ളവരും അവന്റെ അനുഗ്രഹങ്ങളുടെ ഭാവനയാൽ അവനെ കാണുന്നുവെന്ന നിലയിൽ ആരാധനാകർമങ്ങൾ നിർവഹിക്കുന്നവരും അല്ലാഹുവിൽ നിന്ന് പ്രതിഫലം പ്രാപിക്കുന്നു. അവർക്കൊട്ടും ഭയമില്ല. അവർ വിഷമിക്കുന്നുമില്ല. അതായത് അവരുടെ ലക്ഷ്യം അല്ലാഹുവും അല്ലാഹുവിന്റെ സ്നേഹവുമാണ്. അല്ലാഹുവിന്റെ പക്കലുള്ള അനുഗ്രഹങ്ങളാണ് അവരുടെ പ്രതിഫലം.' പിന്നീട് അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നതിനുള്ള മാർഗത്തെക്കുറിച്ച് ഒരിടത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:

'വിശുദ്ധഖുർആൻ സമർപിക്കുന്ന അധ്യാപനം മുഖേന പ്രവർത്തിക്കുന്നതുകൊണ്ട് ഈ ലോകത്ത് അല്ലാഹുവിനെ കാണാൻ കഴിയുന്നു. **'ഫമൻകാന യർജൂ ലിഖാഅ റബ്ബിഹീ ഫൽയഅ്മൽ അമലൻ സ്വാലിഹൻ വ ലാ യുശ്‌രിക് ബിഇബാദത്തി റബ്ബിഹീ അഹദാ'** (18:111). അതിനാൽ, ഏതൊരാൾ തന്റെ നാഥനെ കണ്ടുമുട്ടുന്നതിന് ആഗ്രഹിക്കുന്നുവോ അയാൾ സൽകർമങ്ങൾ ചെയ്തുകൊള്ളട്ടെ; അവർ തന്റെ നാഥനെ ആരാധിക്കുന്ന കാര്യത്തിൽ ആരേയും പങ്കുചേർക്കാതിരിക്കുകയും ചെയ്യട്ടെ.

ഈ ലോകത്ത് യഥാർഥവും സ്നേഹിക്കുന്നവനുമായ അല്ലാഹുവിനെ കാണാൻ ഭാഗ്യമുണ്ടാകണമെന്ന് ആഗ്രഹിക്കുന്നവർ സൽകർമങ്ങൾ ചെയ്തുകൊള്ളട്ടെ. അതിൽ ഒരു തരത്തിലുള്ള കുഴപ്പവും ഉണ്ടാകരുത്. അതായത് തന്റെ കർമം ജനങ്ങളെ കാണിക്കാൻ വേണ്ടിയാകരുത്. 'ഞാൻ അതാണ് ഇതാണ്' എന്ന അഹങ്കാരവും ഉണ്ടാകരുത്. ആ കർമം അപൂർണമോ ന്യൂനതയുള്ളതോ ആകാൻ പാടില്ല. വ്യക്തിപരമായ സ്നേഹത്തിന് വിരുദ്ധമായിട്ടുള്ള ദുർഗന്ധമുണ്ടാകുന്നതും ആകാൻ പാടില്ല. പ്രത്യുത സത്യസന്ധതയും കൂറും നിറഞ്ഞതായിരിക്കണം. അതിനോടൊപ്പം എല്ലാതരം അന്യാരാധനകളിൽനിന്നും മുക്തവുമായിരിക്കണം. സൂര്യനേയോ ചന്ദ്രനേയോ ഭൂമിയിലുള്ള മറ്റേതെങ്കിലും വസ്തുക്കളേയോ ആരാധ്യവസ്തുവാക്കാൻ പാടില്ല. ഭൗതികമായ കാര്യഹേതുക്കൾക്ക്, ആരാധ്യന് നല്കുന്ന ആദരവ് നല്കാനും പാടില്ല. ദൈവത്തിനു പങ്കാളിയെന്നപോലെ അവയിൽ വിശ്വാസമർപിക്കാനും പാടില്ല. സ്വന്തം ധൈര്യവും അധ്വാനവും **'എന്തോ ഒക്കെയാണെന്ന്'!** കരുതുന്നതും അന്യാരാധന

യുടെ ഗണത്തിൽപ്പെട്ടതാണ്. എല്ലാം ചെയ്തിട്ട് 'ഒന്നും ചെയ്തില്ല, ഒന്നും ചെയ്യാൻ കഴിഞ്ഞില്ല' എന്ന് മനസ്സിലാക്കുക. അറിവിലും പൊങ്ങച്ചം കാണിക്കരുത്. കർമത്തിലും അഭിമാനം കൊള്ളരുത്. സ്വയം അജ്ഞനാണെന്ന് കരുതുക. മടിയനാണെന്ന് മനസ്സിലാക്കുക. ദൈവസന്നിധിയിൽ എപ്പോഴും ആത്മാവ് വീണിരിക്കണം. പ്രാർഥനയോടുകൂടി അവന്റെ അനുഗ്രഹത്തെ തന്നിലേക്ക് വലിച്ചടുപ്പിക്കണം. കൈയും കാലുമില്ലാത്ത കഠിനമായ ദാഹമുള്ളവനെപ്പോലെ ആയിത്തീരുക. അവന്റെ മുമ്പിൽ അങ്ങേയറ്റം തെളിമയാർന്നതും മധുരമുള്ളതുമായ ഒരു അരുവി പ്രത്യക്ഷമായിട്ടുണ്ട്. അവൻ അങ്ങേയറ്റം ബുദ്ധിമുട്ടി ആ അരുവിവരെ തന്നെക്കൊണ്ടെത്തിച്ചു. തന്റെ ചുണ്ടുകൾ ആ അരുവിയിൽ മുട്ടിച്ചു. വയറുനിറയെ കുടിക്കുന്നതുവരെ അവിടെനിന്ന് നീങ്ങിയില്ല.

വിശ്വാസിയുടെ വർണം പ്രേമിക്കുന്നവന്റെ വർണമായിരിക്കും. അവൻ തന്റെ പ്രേമത്തിൽ സത്യസന്ധനായിരിക്കും. തന്റെ പ്രേമഭാജനത്തിനുവേണ്ടി അതായത് അല്ലാഹുവിനുവേണ്ടി തികഞ്ഞ ആത്മാർഥതയോടും സ്നേഹത്തോടും ജീവൻ ബലിയർപ്പിക്കാനുള്ള അഭിനിവേശം അവൻ ഉൾക്കൊള്ളുന്നു. വിനയത്തോടും അങ്ങേയറ്റം താഴ്മയോടും സ്ഥിരോത്സാഹത്തോടും കൂടി അവന്റെ സന്നിധിയിൽ നിലകൊള്ളുന്നു. ഭൗതികമായ ഒരു രസാനുഭവവും അവന് രസാനുഭവമായി തോന്നുകയില്ല. അവന്റെ ആത്മാവ് ഈ പ്രേമാവസ്ഥയിലാണ് വളർച്ച പ്രാപിക്കുന്നത്. പ്രേമഭാജനത്തിൽനിന്ന് അവഗണന എന്തെങ്കിലും കണ്ടാൽതന്നെ അവൻ പരിഭ്രമിക്കുകയില്ല. അവനിൽനിന്ന് മൗനവും പിണക്കവും അറിഞ്ഞാലും ഒരിക്കലും ധൈര്യം കൈവിടുകയില്ല. അവൻ മുന്നോട്ടുതന്നെ ഗമിക്കുന്നു. ഹൃദയവേദന കൂടുതൽ കൂടുതൽ ഉണ്ടാക്കിക്കൊണ്ടേപോകുന്നു. ഈ രണ്ടു കാര്യങ്ങളും ഉണ്ടായിത്തീരേണ്ടത് അനിവാര്യമാണ്. അതായത് വിശ്വാസിയായ പ്രേമി അല്ലാഹുവിനോടുള്ള സ്നേഹത്തിൽ പൂർണമായും മുങ്ങിയിരിക്കണം. *(സത്യവിശ്വാസി പ്രേമിയായിക്കൊണ്ട് ദൈവത്തോടുള്ള സ്നേഹത്തിൽ അടിമുടി മുങ്ങിയിരിക്കേണ്ടതാണ്).* പ്രേമം പൂർണതപ്രാപിക്കണം. പ്രേമത്തിൽ സത്യസന്ധമായ ആവേശവും ഒരു വിഷമവും പ്രേമപ്രതിജ്ഞയെ ഉലയ്ക്കാത്തവിധമുള്ള സ്ഥൈര്യം കുത്തികുത്തി നിറക്കുകയും വേണം. പ്രേമഭാജനത്തിൽ നിന്ന് ഇടയ്ക്കിടെ അവഗണനയും നിശബ്ദതയും ഉണ്ടാവണം. രണ്ടുരീതിയിലുള്ള വേദന ഉണ്ടാവേണ്ടതാണ്. ഒന്ന് അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെ വേദന. മറ്റേത് ആരുടെയെങ്കിലും പ്രയാസം കാണുമ്പോഴുള്ള വേദന. അവരെ സഹായിക്കാൻ അസ്വസ്ഥനായിത്തീരണം. അല്ലാഹുവിന്റെ സ്നേഹത്തിനുവേണ്ടി യുണ്ടാകുന്ന ആത്മാർഥതയും വേദനയും അതിനോടൊപ്പം സ്ഥിരചിത്തതയുംകൂടി ഉണ്ടാകുമ്പോൾ അത് മനുഷ്യനെ മനുഷ്യനെന്ന അവസ്ഥയിൽനിന്ന് വേർപെടുത്തി ദൈവത്വത്തിന്റെ തണലിൽ കൊണ്ടു വന്നിടുന്നു. അന്യദൈവങ്ങളിൽ നിന്ന് മുക്തിലഭിച്ച് അതിന്റെ അതിർത്തിവരെ വേദനയും പ്രേമവും എത്താത്തിടത്തോളം മനുഷ്യൻ അപകടങ്ങളിൽ വീണുകിടക്കും. ഈ അപകടാവസ്ഥയിൽനിന്ന് മോചനം ലഭിക്കുന്നതിന് അല്ലാഹു അല്ലാത്തതിൽ നിന്നും മനുഷ്യൻ പൂർണമായും ബന്ധം വിച്ഛേദിച്ച് അവന്റേതായിത്തീരണം. ഇതുകൂടാതെ അവന്റെ തൃപ്തിയിൽ പ്രവേശിക്കുക എന്നതും അസാധ്യമാണ്. അങ്ങേയറ്റം വാത്സല്യനിധിയായ മാതാവ് തന്റെ ദുർബലരായ പ്രിയപ്പെട്ട കുട്ടികൾക്കുവേണ്ടി മനസ്സിൽ സത്യസന്ധമായ അഭിനിവേശം ഉണ്ടാക്കിവെക്കുന്നതുപോലെ അവന്റെ സൃഷ്ടികൾക്കുവേണ്ടി വേദനയുണ്ടാവേണ്ടതാണ്. അതായത് അല്ലാഹു അല്ലാത്തവരിൽനിന്ന് പൂർണമായും ബന്ധം വിച്ഛേദിക്കുക. അതുപോലെതന്നെ സൃഷ്ടികളോടുള്ള വേദനയും അവന് ഉണ്ടാകേണ്ടതാണ്. ഒരു ശരിയായ സത്യവിശ്വാസിയുടെ മനസ്സിൽ ഉണ്ടാവേണ്ട അടിസ്ഥാനകാര്യമാണിത്; അല്ലാഹുവിന്റെ പ്രേമിക്ക്, എത്രത്തോളം അല്ലാഹുവിന്റെ അസ്തിത്വത്തിലും അവന്റെ മഹത്വത്തിലും വിശ്വാസമുണ്ടാകുമോ അത്രത്തോളം അല്ലാഹുവിനോട് സ്നേഹവും ഭയവുമുണ്ടാകും. ഇല്ലെങ്കിൽ അശ്രദ്ധയുടെ നാളുകളിൽ കുറ്റകൃത്യങ്ങൾ ചെയ്യാൻ തന്റേടം കാണിക്കും. അല്ലാഹുവിനോടുള്ള സ്നേഹവും അവന്റെ മാഹാത്മ്യത്തിന്റേയും പ്രതാപത്തിന്റേയും പ്രൗഢിയും ഭയവും മുഖേനതന്നെയാണ് പാപം കരിഞ്ഞു പോകുന്നത്. മനുഷ്യൻ ഏതൊരു വസ്തുവിനെയാണോ ഭയപ്പെടുന്നത് അതിൽ നിന്ന് അവൻ മാറിനില്ക്കുമെന്നത് തത്വമാണ്. ഉദാഹരണമായി തീ കത്തിച്ചുകളയും എന്നറിയുന്നതുകൊണ്ട് ആരും അതിൽ കൈഇടില്ല. ഇന്ന സ്ഥലത്ത് പാമ്പുണ്ടെന്നറിഞ്ഞാൽ ആരും അങ്ങോട്ടുപോകില്ല. ഇതുപോലെ പാപത്തിന്റെ വിഷം അവനെ തകർത്തുകളയുമെന്നും അല്ലാഹുവിന്റെ മാഹാത്മ്യത്തെ ഭയപ്പെടണമെന്നും അവൻ പാപത്തെ ഇഷ്ടപ്പെടുന്നില്ലെന്നും പാപം ചെയ്താൽ കഠിനമായി ശിക്ഷിക്കുമെന്നും ദൃഢവിശ്വാസമുണ്ടായാൽ അവന് പാപം ചെയ്യാൻ ധൈര്യമോ തന്റേടമോ ഉണ്ടാകുകയില്ല. പിന്നീട് അവൻ ഭൂമിയിൽ നടക്കുന്നത് മരിച്ചമയ്യിത്ത് നടക്കുന്നതുപോലെയായിരിക്കും. അവന്റെ ആത്മാവ് എപ്പോഴും അല്ലാഹുവിന്റെ അടുത്തായിരിക്കും."

പിന്നീട് പറഞ്ഞു: "അല്ലാഹുവിന്റെ സ്നേഹാഗ്നിയിൽ പതിച്ച് മനുഷ്യൻ തന്റെ അസ്തിത്വം മുഴുവൻ കത്തിച്ചുകളയുമ്പോൾ ആ സ്നേഹത്തിന്റെ മരണം അവനൊരു പുതുജീവൻ പ്രദാനം ചെയ്യുന്നു. സ്നേഹവും ഒരു അഗ്നിയാണെന്ന് നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയില്ലേ? പാപവും ഒരു അഗ്നിയാണ്. അതുകൊണ്ട് ദൈവസ്നേഹത്തിന്റെ അഗ്നി പാപത്തിന്റെ അഗ്നിയെ നശിപ്പിച്ചുകളയുന്നു. ഇതുതന്നെയാണ് മോക്ഷത്തിന്റെ അടിവേര്. അല്ലാഹുവിനോടുള്ള സ്നേഹം നമ്മുടെ മനസ്സിൽ ഉണ്ടാക്കുന്നതിനായി എത്രമാത്രം വേദനയോടുകൂടിയാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നത്. ഒരു ഉദാഹരണം പറയാം. ആ മഹാത്മാവ് പറയുന്നു: "സർവശക്തനായ ഒരു ദൈവമുണ്ടെന്ന് ഇനിയും അറിഞ്ഞിട്ടില്ലാത്തവൻ എത്രമാത്രം നിർഭാഗ്യനാണ്. നമ്മുടെ സ്വർഗം നമ്മുടെ ദൈവമാകുന്നു. നമ്മുടെ ഉയർന്ന ആനന്ദാനുഭൂതികളത്രയും നമ്മുടെ ദൈവത്തിലാകുന്നു. എന്തെന്നാൽ ഞാൻ അവനെ കാണുകയും എല്ലാ സൗന്ദര്യങ്ങളും അവനിൽ ദർശിക്കുകയും ചെയ്തിരിക്കുന്നു. ജീവൻ കളഞ്ഞിട്ടും കൈവരിക്കേണ്ട സമ്പത്താണിത്. സർവവും നഷ്ടപ്പെടുത്തിയിട്ടും വിലയ്ക്കെടുക്കേണ്ട മാണിക്യക്കല്ലാണിത്. അല്ലയോ

നിർഭാഗ്യരേ! ഇതാ ഈ നീരുറവിലേക്ക് ഓടിവരിൻ! ഇതു നിങ്ങൾക്കു ദാഹശമനം വരുത്തും. ഇതു നിങ്ങളെ രക്ഷപ്പെടുത്തുന്ന ജീവിതസ്രോതസ്സാകുന്നു. ഞാനെന്തു ചെയ്യണം! എങ്ങനെ ഞാൻ ഈ സന്തോഷവാർത്ത നിങ്ങളുടെ ഹൃദയത്തിലെത്തിക്കും? ഏതു ചെണ്ട കൊട്ടിയാണ്, 'ഇതാ നിങ്ങളുടെ ദൈവം' എന്നു ജനങ്ങളെ അറിയിക്കാനുള്ള പ്രഖ്യാപനം ഞാൻ നടത്തേണ്ടത്; ജനങ്ങൾ കേൾക്കുമാറാകാൻ! അവരുടെ കാതുകളിൽ ഏത് ഔഷധം പ്രയോഗിച്ചാണ് ഞാൻ ചികിത്സിക്കേണ്ടത്; അവ തുറക്കുമാറാകാൻ! നിങ്ങൾ ദൈവത്തിന്റേതായിമാറുമെങ്കിൽ ഓർത്തുകൊള്ളുവിൻ, നിശ്ചമായും ദൈവം നിങ്ങളുടേത് തന്നെയായിരിക്കും.! നിങ്ങൾ ഉറങ്ങുമ്പോൾ നിങ്ങൾക്കുവേണ്ടി അവൻ ഉണർന്നിരിക്കും. നിങ്ങൾ ശത്രുവിനെക്കുറിച്ച് അശ്രദ്ധരായിരിക്കുമ്പോൾ അവൻ ശത്രുവിനെ നോക്കിപാർക്കും. നിങ്ങളുടെ ശത്രുവിന്റെ ഗൂഢപദ്ധതികളെ അവൻ തകർത്തു കളയും. നിങ്ങളുടെ ദൈവത്തിൽ എന്തെന്തെല്ലാം അത്ഭുതങ്ങളുണ്ടുള്ളതെന്ന് നിങ്ങൾക്കറിയില്ല. അറിഞ്ഞിരുന്നെങ്കിൽ ഈ ദുൻയാവിനെച്ചൊല്ലി ദുഃഖിച്ചുകൊണ്ടിരിക്കുന്ന ദിനങ്ങൾ നിങ്ങൾക്കു വരുമായിരുന്നില്ല. തന്റെ പക്കൽ ഒരു വൻനിധി ഉണ്ടായിരിക്കെ ചില്ലിക്കാശ് നഷ്ടപ്പെട്ടതിനെ ചൊല്ലി ആരെങ്കിലും കരയുകയും നിലവിളിക്കുകയും മരിക്കാനൊരുങ്ങുകയും ചെയ്യുമോ? നിങ്ങൾക്ക് ആ നിധിയെക്കുറിച്ചറിയാമെങ്കിൽ, നിങ്ങളുടെ ഓരോ ആവശ്യത്തിന്റേയും അവസരങ്ങളിൽ നിങ്ങളുടെ സഹായത്തിനായി ദൈവം ഉണ്ടാകുമെന്നറിയാമെങ്കിൽ നിങ്ങൾ ദുൻയാവിനുവേണ്ടി സ്വയം അവനെ മറക്കുന്നതെന്തിന്? ദൈവം ഏറ്റവും പ്രിയപ്പെട്ട നിധിയാകുന്നു. അതിനെ വിലമതിക്കുവിൻ. ഓരോ കാൽവയ്പ്പിലും അവൻ നിങ്ങളുടെ സഹായകനാകുന്നതാണ്. അവനെക്കൂടാതെ നിങ്ങൾ ഒരു വസ്തുവുമല്ല. നിങ്ങളുടെ ഉപകരണങ്ങളും ഉപായങ്ങളും മാർഗങ്ങളും ഒരു വസ്തുവുമല്ല. അന്യസമുദായങ്ങളുടെ പിന്നാലെ പോകരുത്. അവർ പരിപൂർണമായും ഭൗതികവഴിയിൽ പതിച്ചവരാണ്. പാമ്പ് മണ്ണു തിന്നുന്നതുപോലെ അവർ നിസ്സാരമായ ഭൗതിക വഴിയിലെ മണ്ണു തിന്നുകയാണ്. കഴുകന്മാരും നായ്ക്കളും ശവം തിന്നുന്നതുപോലെ അവർ ശവത്തിനുമേൽ അള്ളിപിടിച്ചിരിക്കുകയാണ്. അവർ ദൈവത്തിൽനിന്ന് വളരെ അകന്നിരിക്കുന്നു. ആൾദൈവങ്ങളെ ആരാധിക്കുകയും പന്നിയിറച്ചി തിന്നുകയും മദ്യം വെള്ളമെന്നപോലെ കുടിക്കുകയും ചെയ്യുന്നു. അതിരുകടന്ന് ഭൗതികവഴിയിൽ വീണതുകൊണ്ടും ദൈവത്തിൽ നിന്ന് ശക്തി തേടാത്തതുകൊണ്ടും അവർ മരിച്ചുകഴിഞ്ഞിരിക്കുന്നു. കൂട്ടിൽനിന്ന് പ്രാവ് പറന്നുപോകുന്നതുപോലെ അവരിൽനിന്നും ദൈവികമായ ആത്മാവ് പുറത്തുപോയിരിക്കുന്നു. അവരുടെ ഉള്ളിൽ ഭൗതികതയും കുഷ്ഠരോഗവുമാണുള്ളത്. അത് അവരുടെ ആന്തരികാവയവങ്ങളെ മുറിച്ചു കളഞ്ഞിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ ആ കുഷ്ഠത്തെ ഭയപ്പെടുവിൻ!"

നിങ്ങൾ അല്ലാഹുവിനെ തിരിച്ചറിയാനായി പൂർണമായും ശ്രമിക്കുക. അവനെ ലഭിക്കുകയാണ് യഥാർഥത്തിലുള്ള മോക്ഷം. അവനെ ലഭിക്കുകയാണ് യഥാർഥത്തിലുള്ള രക്ഷ. സത്യഹൃദയത്തോടും സ്നേഹത്തോടുംകൂടി അവനെ അന്വേഷിക്കുന്നവന്റെമേൽ അവൻ വെളിപ്പെടുന്നു. അവന്റേതായി മാറുന്നവന്റെ മേൽ അവൻ പ്രകാശം ചൊരിയുന്നു. പരിശുദ്ധ ഹൃദയമാണ് അവന്റെ രാജധാനി. കളവിൽനിന്നും ചീത്തവിളിയിൽനിന്നും വ്യർഥമായസംസാരങ്ങളിൽനിന്നും പരിശുദ്ധമായ നാവുകളാണ് അവന്റെ വെളിപാട് ഇറങ്ങുന്ന സ്ഥലം. അവന്റെ തൃപ്തിയിൽ ലയിച്ചുചേരുന്ന ഓരോരുത്തരും അവന്റെ അത്ഭുതകരമായ ശക്തിപ്രഭാവത്തിന്റെ പ്രതീകമായിത്തീരുന്നു.

ഏതൊരു നിലവാരത്തിലാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ)നമ്മെ കാണാനാഗ്രഹിക്കുന്നത് ആ നിലവാരം കരസ്ഥമാക്കാൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. ആത്മാർഥമായി അല്ലാഹുവിലേക്ക് കുനിയുന്നവരാകാനും അവനെ സ്നേഹിക്കുന്നവരാകാനും അവന്റെ സ്നേഹം സമ്പാദിച്ച് അത് നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കാനും അങ്ങനെ അവന്റെ തൃപ്തിയുടെ സ്വർഗത്തിൽ പോകാനും അല്ലാഹു നമുക്ക് സൗഭാഗ്യം നല്കുമാറാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis (atba)**
at Masjid Baithul Futhuh,London – on 04.04.14
Summarized by Nazarath Nashr-O-Isha'ath, Qadian
Malayalam Translation : Mau.Muhammad Ismail Alleppey For Malayalam Desk,Qadian.

If Undelivered Please Return To
Nazarath Nashr-O-Isha'ath,
Sadr Anjuman Ahmadiyya
Qadian, 143516,
Gurdaspur-Dt, Punjab-St

To